മാഗസിൻ 2019-2020

ചളവറ എച്ച് എസ് എസ്



# ചിറകുകൾ

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION



ജയശ്രീ . പി.കെ

(ഹെഡ് മിസ്ട്രസ്)

ചളവറ ഹയർസെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ രണ്ടാംബാച്ചുകാരാണ് ഈ ഡിജിറ്റൽ മാഗസീൻ എന്ന ഉദ്യമത്തിനുപിന്നിൽ. കുട്ടികളുടെ സാങ്കേതിക കഴിവുകൾക്കൊപ്പം സർഗാത്മകതയും ഇവിടെ ഒത്തുചേർന്നിരിക്കുന്നു. കുട്ടികളുടെ ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.അതോടൊപ്പം അവരെ ഇതിന് പ്രാപ്തരാക്കിയ ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ, മിസ്ട്രസ് എന്നിവർക്കും എന്റെ ആശംസകൾ.



കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ അംഗങ്ങളായുള്ള പദ്ധതിയാണ് കൈറ്റിന്റെ നേതൃത്വത്തിലുള്ള ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബുകൾ. ഇവരുടെ നേതൃത്വപരമായ ഇടപെടലിന്റെ ഭാഗമായാണ് "ചിറകുകൾ "എന്ന മാഗസിൻ പിറവിയെടുത്തിരിക്കുന്നത്.ഈ സംരംഭത്തിന് എല്ലാ വിധ ആശംസകളും നേരുന്നു.

സുനിൽ. പി. കെ (JSITC)
ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ



സ്കൂളിലെ ഹൈടെക് ക്ലാസ് മുറികളിലെ പ്രവർത്തനങ്ങൾക്ക് സഹായിക്കുകയും,ഉപകരണങ്ങളുടെ സംരക്ഷണ ചുമതല നിർവഹിക്കുകയും ചെയ്യുന്നത് ഐ. ടി ക്ലബ് അംഗങ്ങളായ ലിറ്റിൽ കൈറ്റ്സ് ആണ്.ലിറ്റിൽ കൈറ്റ്സിന്റെ "ചിറകുകൾ" എന്ന ഡിജിറ്റൽ മാഗസിന് ആശംസകൾ.

ജ്യോതി. എ (SITC)
ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്

# മാഗസിൻ കമ്മിറ്റി

ചെയർമാൻ ജയശ്രീ. പി.കെ

സ്റ്റാഫ് എഡിറ്റർ: സുനിൽ. പി. കെ

ജ്യോതി. എ

സ്റ്റുഡന്റ് എഡിറ്റർ: ജിഷ്ണു.കെ.പി 9B

അംഗങ്ങൾ:

| | | | |
|---|---|---|---|
| മനീസ മെഹ്ബിൻ | 9A | മുഹമ്മദ് ഹിസാൻ ഷാഹി.കെ - | 9C |
| ഹനീന റുസ്‌ലിൻ.ടി | 9A | സൂര്യകൃഷ്ണൻ.പി | 9D |
| അഭിഷേക്.പി | 9D | അനുശ്രീ.എ | 9B |
| ശ്രീരാജ് | 9C | ഷമീമ നസ്റിൻ | 9D |
| പവിത്ര.സി | 9B | അനുശ്രീ.എൻ | 9D |
| പി.അഭിരാം | 9D | ഫാത്തിമ ഫസ്ന | 9G |
| അനിരുദ്ധൻ | 9E | ലക്ഷ്മി.കെ | 9D |
| ഫാത്തിമ റസ്ന | 9B | സുജിത്.സി | 9A |
| അഭിനവ്.കെ | 9D | നിരഞ്ജന | 9I |
| നന്ദന.എം | 9B | കാവ്യ . പി | 9I |
| സജ്ന.കെ | 9I | അനുശ്രീ.സി. കെ | 9F |

കവർചിത്രം : ഹാഷിം യൂസഫ് .കെ -10 A(ലിറ്റിൽ കൈറ്റ്)

# ഉള്ളടക്കം


- ചളവറ ഹയർസെക്കണ്ടറി സ്കൂൾ..........1
- ലിറ്റിൽ കൈറ്റ്സ്..........5
- പ്രിലിമിനറി ക്യാമ്പ്-ലിറ്റിൽ കൈറ്റ്സ്..........6
- സ്കൂളിന്റെ അഭിമാനങ്ങൾ..........7
- സ്കൂളിന്റെ അഭിമാനങ്ങൾ..........8
- സ്കൂളിന്റെ അഭിമാനങ്ങൾ..........9
- സ്കൂൾതലക്യാമ്പ്-ലിറ്റിൽകൈറ്റ്സ്..........10
- സ്കൂൾതല ഐ.ടി മേള..........11
- ഡിജിറ്റൽ പൂക്കളം..........12
- ജീവന്റെ തുടിപ്പ്..........14
- മോഹം..........15
- കുറിപ്പ്..........16
- പ്രളയം..........17
- വിദ്യാലയം..........19
- വിശപ്പിന്റെ വില..........20
- മനുഷ്യ ജാതി..........21

- വിഷവിത്ത്.......................................................................22
- പ്രവേശനോത്സവം.........................................................23
- വായനാദിനം..................................................................24
- പാഠം ഒന്ന് പാടത്തേക്ക്.................................................25
- ചാന്ദ്രദിനം........................................................................26
- ലഹരി വിരുദ്ധ ദിനം.......................................................27
- ബഷീർ അനുസ്മരണ ദിനം.............................................28
- യു എസ് എസ് സ്കോളർഷിപ്പ് വിജയികൾ....................30
- സ്പോർട്സ് ഡേ.................................................................31
- സാഹിത്യ ശില്പശാല.......................................................32
- ഭക്ഷ്യസുരക്ഷാ ദിനം........................................................33
- മലയാളത്തിളക്കം.............................................................34
- ഗണിതം-മധുരം................................................................35
- കഥക് പരിശീലനം...........................................................37
- പ്രതിഭകളുടെ വീട്ടിലേക്ക്................................................38
- സ്കൂൾ കലോത്സവം.........................................................39
- സബ്ജില്ല കലോത്സവം.....................................................40
- സ്മാർട്ട് അമ്മ...................................................................41

- ലിറ്റിൽകൈറ്റ്സ് ഇവാല്വേഷൻ..........................................................42
- പ്രിലിമിനറി ക്ലാസ്...........................................................................43
- സുരീലി ഹിന്ദി..................................................................................44
- ഇംഗ്ലീഷ് ഫെസ്റ്റ്..................................................................................45
- ടിപ്പുവിന്റെ നാട്ടിലേക്ക്-പഠനയാത്ര.............................................46
- ഗണിതോത്സവം...............................................................................50
- 2020 ൽ സർവ്വീസിൽ നിന്ന് വിരമിക്കുന്നവർ..............................51
- നന്ദി...................................................................................................52

# ചളവറ ഹയർസെക്കണ്ടറി സ്കൂൾ






# ചിറകുകൾ

1966 ൽ സ്ഥാപിതമായ ചളവറ ഹയർ സെക്കണ്ടറി സ്കൂളിലെ യു.പി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിലായി 2300 ഓളംകുട്ടികൾ പഠിക്കുന്നു. 1998 ൽഹയർസെക്കണ്ടറി വിഭാഗം പ്രവർത്തനമാരംഭിച്ചു. ആദ്യത്തെ പ്രധാന അധ്യാപകൻ ശ്രീ. ജനാർദ്ദനമേനോൻആയിരുന്നു .

ഇപ്പോൾ സ്കൂൾ പ്രിൻസിപ്പാൾ ശ്രീമതി.കെ. റാണി, മാനേജർ ശ്രീ. ബാലൻ,പി.ടി.എ പ്രസിഡണ്ട് ശ്രീ.വിജയരാഘവൻ. 51 ഹൈടെക്ക് ക്ലാസ്മുറികളും ഹൈസ്കൂൾ ഹയർ സെക്കണ്ടറി വിഭാഗങ്ങളിലായി കമ്പ്യൂട്ടർ ലാബുകളും, ശാസ്ത്ര ഗണിത ശാസ്ത്രലാബുകളും ഉണ്ട്.വിശാലമായ കളിസ്ഥലവും ഉണ്ട്.കലാ കായിക മത്സരങ്ങളിലും, ശാസ്ത്ര,സാമൂഹ്യശാസ്ത്ര,ഗണിത ശാസ്ത്ര, പ്രവൃത്തിപരിചയ,ഐ ടിമേളകളിലും സ്ഥിരമായി സബ്ജില്ലാ ചാമ്പ്യൻമാരാകുന്ന നമ്മുടെ കുട്ടികൾ സംസ്ഥാന തലത്തിലും നിരവധി തവണ മികവ് തെളിയിച്ചു. ഐ .ടി ക്ലബായ ലിറ്റിൽ കൈറ്റ്സ് കൂടാതെ സ്കൗട്ട്സ് & ഗൈഡ്സ്, റെഡ്ക്രോസ്, എൻ എസ് എസ് എന്നിവയുടെ യൂണിറ്റുകളും സ്കൂളിൽ പ്രവർത്തിക്കുന്നു.കുട്ടികളിടെ യാത്രാസൗകര്യത്തിനായി സ്കൂൾ ബസ്സുകളും ഉണ്ട്.

# ചിറകുകൾ






GOVT OF KERALA
DIRECTORATE OF HIGHER SECONDARY EDUCATION
NATIONAL SERVICE SCHEME
CHALAVARA HIGHER SECONDARY SCHOOL
CHALAVARA UNIT No 186

# ചിറകുകൾ





# ലിറ്റിൽ കൈറ്റ്സ്





# പ്രിലിമിനറി ക്യാമ്പ്-ലിറ്റിൽ കൈറ്റ്സ്

പ്രിലിമിനറി ക്യാമ്പിൽ എം ടി ശ്രീ .രവിമാസ്റ്റർ ക്ളാസ്എടുക്കുന്നു.

(ക്ലാസ്:9)









# സ്കൂളിന്റെ അഭിമാനങ്ങൾ

നാഷണൽ കായികമേള

ഡിസ്കസ് ത്രോ (5 -സ്ഥാനം) അനന്തകൃഷ്ണൻ. യു -10B



സ്റ്റേറ്റ് സ്കൂൾ കായികമേള

ഡിസ്കസ് ത്രോ (5 -സ്ഥാനം) അനശ്വര സി. ആർ



# സ്കൂളിന്റെ അഭിമാനങ്ങൾ

സ്റ്റേറ്റ് സ്കൂൾ കായികമേള

400 മീറ്റർ ഓട്ടത്തിൽ രണ്ടാം സ്ഥാനം

ശിശിര 10-G



സ്റ്റേറ്റ് സ്കൂൾ ഐ ടി മേള

വെബ്പേജ് ഡിസൈനിംഗ്- സി ഗ്രേഡ്

അയൂബ് ഇഹ്സാൻ 10-H



## സ്കൂളിന്റെ അഭിമാനങ്ങൾ

സ്റ്റേറ്റ് ഉറുദു കവിതാരചന A ഗ്രേഡ്

ഷരീഫ.ടി(10 F)



# സ്കൂൾതലക്യാമ്പ്-ലിറ്റിൽകൈറ്റ്സ്





സ്കൂൾതല ക്യാമ്പ് ശ്രീ.സുഷേൺമാസ്റ്ററുടെ നേതൃത്വത്തിൽ നടന്നു.

8 കുട്ടികളെ സബ്ജില്ലാക്യാമ്പിലേക്ക് തെരഞ്ഞെടുത്തു.

ആനിമേഷൻ

1.ഫാത്തിമ രസ്ന

2.അനിരുദ്ധൻ

3.മനീസ മെഹബിൻ

4.അർച്ചന

പ്രോഗ്രാമിങ്ങ്

1.ജിഷ്ണു

2.മുഹമ്മദ് ഹിസാൻ ഷാഹി

3.അനശ്രീ. എ

4.സുജിത്. സി

# സ്കൂൾതല ഐ.ടി മേള






# ഡിജിറ്റൽ പൂക്കളം


ഓണാഘോഷത്തോടനുബന്ധിച്ച് ഡിജിറ്റൽ പൂക്കളമത്സരം നടത്തി.








# ചിറകുകൾ


HAPPY ONAM
2019


HAPPY ONAM
HSSCHALAVARA
2019


HAPPY ONAM 2019


HAPPY ONAM
2019

# ജീവന്റെ തുടിപ്പ്

ആരോ എന്നോട് പറഞ്ഞു

കവിത എന്നിൽ നിന്നും വിദൂരമാണെന്ന്

കവിത അവൾക്കു മാത്രം വഴങ്ങുമെന്ന്

വഴങ്ങുന്ന ഭാഷയാണോ കവിത?

വഴക്കം വന്നില്ലെങ്കിൽ,

അത് എന്നെ വിട്ടകലുമോ?

കവിത ഒരു ജീവനാണ്

ഒരു മാറ്റത്തിന്റെ ജീവൻ

ഒരു സ്വപ്നത്തിന്റെ ജീവൻ

ബിൻസിയത്ത് ടി.കെ

8 D

# മോഹം

എനിക്കൊരു മോഹം ഇനിയുള്ളകാലം
ഒരു മഞ്ഞുതുള്ളിയായ് മാറാൻ
സൂര്യപ്രകാശത്തിൽവെട്ടിത്തിളങ്ങുന്ന
ഒരുകുഞ്ഞുതുള്ളിയായ് മാറാൻ

ആകാശത്തങ്ങനെ കാവടി തീർക്കുന്ന
മാരിവില്ലായൊന്നു മാറാൻ
ചാറ്റൽ മഴയത്ത് നൃത്തം ചവിട്ടുന്ന
അഴകുള്ള മയിലായി മാറാൻ

കുഞ്ഞിളം കാറ്റിൽ താലോലമാടുന്ന
ഒരു കൊച്ചുപുഷ്പമായ് മാറാൻ
അതിനുള്ളിൽ നുരയുന്ന തേൻ
നുകരാൻ ഒരുചിത്രശലഭമായ് മാറാൻ

അഞ്ജലി.പി.ആർ

# കുറിപ്പ്

നാടിനെ കണ്ണീരിലാഴ്ത്തി കൺമുന്നിൽ നിന്നും മാഞ്ഞു പോയ ഒരു പൂമൊട്ടായിരുന്ന ഏവരുടെയും വിനീത. കുട്ടിക്കാലത്ത് പൂമ്പാറ്റയെ പോലെ പാറിനടന്ന ആ കൊച്ചു മിടുക്കി കഥകളും കവിതകളും എഴുതി സാഹിത്യലോകത്തിന്റെ ശ്രദ്ധ പിടിച്ചു പറ്റി.കഥാകൃത്തുകളെ തന്റെ കഴിവിനൊപ്പം അടുപ്പിച്ച്കൊണ്ട് എല്ലാവർക്കും മാതൃകയായ ആ വിദ്യാർത്ഥിനി നമ്മെ പിരിഞ്ഞ് 4 വർഷം പൂർത്തിയായിരിക്കുന്നു.

വിനീതയെ കേട്ടറിഞ്ഞ് അവരെ പോലെ ഉയർന്ന സ്ഥാനത്തേക്ക് എത്താൻ നമുക്കും കഴിയട്ടെ എന്ന് ആശംസിച്ചുകൊണ്ട് വിനീതയുടെ അനുസ്മരണയിൽ പങ്കു ചേരാം നമുക്ക്..........!

ഫിദ 5-B

# പ്രളയം

പുലരിതൻ തെളിമയിൽ
പൂക്കളും പൂങ്കാറ്റും
കളകളമൊഴുകുന്ന പൂഞ്ചോലയും
എന്തെന്നറിയില്ല എവിടെയെന്നറിയില്ല
ഇന്നലെ ഞാൻ കണ്ട ഭൂമിയില്ല

ഓണത്തിൻ വേളയിൽ ഒരുമതിൽ വേളയിൽ
എൻവീടിൻ മുറ്റത്തു പൂക്കളില്ല
അന്നെന്റെ അതിഥികൾ അഴലിൻെ അതിഥികൾ
ഇതുവരെ കാണാതെ പേമാരിയായ്
കൈ വെള്ളയാൽ കെട്ടിപടുത്തൊരു
ദൈവത്തിൻ നാടാണ് എൻ കേരളം
ഇന്നതിൽ പ്രൗഢിയും പൊന്നിൻ
തിളക്കവും ഞാൻ തിരഞ്ഞെങ്കിലും
കണ്ടതില്ല

*പ്രണവ് ടി.എം*

7 ഇ

# പ്രകൃതി

ഒരുകോടി വൃക്ഷതലപ്പിലുണരും പ്രകൃതി (2)
സൂര്യന്റെ കിരണങ്ങളിൽ ഉണരും
പച്ചപ്പിലുലയുന്ന പ്രകൃതി ...
തണലായ് വാഴുന്ന മരങ്ങൾ
മണമായ് വാഴുന്ന പൂക്കൾ
പ്രകൃതി സൗന്ദര്യങ്ങൾ പറയാനായ്
വാക്കുകളുമില്ല (2)
ഇന്നത്തെ പ്രകൃതി കഷ്ടത്തിലാട്ടം
മനുഷ്യരുടെ ആക്രമത്താൽ
പുഴയിലോ പ്ലാസ്റ്റിക് മാലിന്യങ്ങളിടും
മരങ്ങളെ ഓരോന്നായ് വെട്ടിമാറ്റുന്നു
പൂക്കളെ വളർത്താൻ വെള്ളമില്ല...
സൂര്യന്റെ ചൂടുമധികമാകുന്നു
മനുഷ്യരാലും,മൃഗങ്ങളാലും
സമൃദ്ദമായൊരു പ്രകൃതി
എന്നാൽ ഇന്നോ... ചപ്പുചവറാൽ സമൃദ്ദം(2)

ശ്രുതി . എസ്

# വിദ്യാലയം

ആദ്യാക്ഷരം ചൊരിയും വിദ്യാലയം
അക്ഷര മന്ത്രങ്ങൾ പാടിടും വിദ്യാലയം
പുസ്തകത്താളിൽ വാക്കുകളുടെ മണിക്കിലുക്കം
നാളേക്കു നമ്മൾ തളിർക്കുവാൻ കാരണം വിദ്യാലയം
മാതാപിതാക്കളുടെ സ്വപ്നം വളർത്തുന്ന വിദ്യാലയം
പൈതങ്ങളുടെ ഭാവിയാകുന്ന വിദ്യാലയം
നമുക്കെല്ലാം സ്വർഗ്ഗമാകുന്ന വിദ്യാലയം

ജിയ കൃഷ്ണ

# വിശപ്പിന്റെ വില

വിശപ്പിനെ ഞാൻ ഇഷ്ടപ്പെടുന്നു കാരണം വിശക്കുമ്പോഴാണ് വിശപ്പിന്റെ വില നാമറിയുന്നത്. വിശപ്പിന്റെ വില അറിയുന്ന ഞാൻ ...... ഭക്ഷണം കളയാൻ ശ്രമിക്കില്ല ...... കാരണം ഒരു നേരത്തെ ഭക്ഷണത്തിന് വേണ്ടി യാചിക്കുന്നവരെ നാം നിത്യജീവിതത്തിൽ കാണുന്നു, പ്രളയദുരന്തത്തിൽ പെട്ടപ്പോൾ. പണക്കാരനും പാവപ്പെട്ടവനും ഭക്ഷണത്തിനായി കേഴുന്നത് നാം കണ്ടു .വിശപ്പിന്റെ ആഴം ജീവജാലങ്ങൾക്കെല്ലാം ഒരു പോലെഎന്ന് നാം മനസ്സിലാക്കുന്നു ..... വിശപ്പിന് ജാതിയോ , മതമോ ,വർണമോ , സംസ്കാരമോ ഒന്നും ഇല്ല എന്ന് നാം തിരിച്ചറിയുന്നു ...... വിശപ്പിന്റെ മുൻപിൽ ബലിയാക്കപ്പെട്ട മധുവിനെ നാം ഓർക്കണം......നാം ഭക്ഷണം പാഴാക്കുമ്പോൾ നമ്മുടെ മുൻപിൽ ഒരു നേരത്തെ ഭക്ഷണത്തിന് യാചിക്കുന്ന മനുഷ്യരുടെ മുഖം മനസ്സിൽ കണ്ടാൽ നാം ഭക്ഷണം പാഴാക്കില്ല .......

അനാമിക . സി
6-D

# മനുഷ്യ ജാതി

അനന്തമാം ഭൂമിയിൽ വരും
സൂര്യന്റെ തീക്ഷ്ണമാം
പ്രകാശ ജ്വാലകൾക്കറിയണ്ട
നീയേത് ജാതിയെന്ന്

ഭൂമിയിൽ ഒഴുകും ജല
ധാരകൾക്കറിയേണ്ട
നീയേത് മതമെന്ന്

നിന്നിൽ നിന്നുത്ഭവിക്കും
ചെറുമനസ്സിനറിയേണ്ട
നീയേത് നിറമെന്ന്

പിന്നെന്തിനാണ് മനുഷ്യാ
നീയേത് മതമെന്ന
നീയേത് ജാതിയെന്ന
നീയേത് നിറമെന്ന
ചോദ്യം നീ സ്വയം സൃഷ്ടിച്ചു ?

ലജ്ജിച്ച് തലതാഴ്ത്തുക നീ
നിന്റെ നിരർത്ഥമാം ചിന്തകളെയോർത്ത്

ഫാത്തിമ നസ്റിൻ സി പി

# വിഷവിത്ത്

കറുപ്പാൽ അഴകേറി
വെള്ളം ചുമലിലേറ്റിയ
കറുത്തമുത്തേ നീ എങ്ങോട്ടാടീ...
നിൻെറ രോഷത്തിൽ പൊലിയുന്നത്
ഒരുപാട് സ്വപ്നങ്ങളും സന്തോഷവുമല്ലേ...
അലറിക്കരഞ്ഞ് പാഞ്ഞെത്തുന്ന നിൻെറ
കരങ്ങളിൽ പൊലിയുന്നത്
ഒരുപിടി സ്വപ്നങ്ങൾ
കാരണം ഞാൻ തന്നെ എന്നാലും
പൊറുക്കുക കരുണാനിധിയായ മാതാവേ......

അനശ്വര
9c

# പ്രവേശനോത്സവം





# ചിറകുകൾ

## വായനാദിനം


The most pathetic person in
World is someone who has
But has no vision
HELEN KELLER



# പാഠം ഒന്ന് പാടത്തേക്ക്






# ചാന്ദ്രദിനം






# ലഹരി വിരുദ്ധ ദിനം








# ചിറകുകൾ

സബ്ജില്ലാകലോത്സവം -സംസ്കൃതം(അഗ്രിഗേറ്റ്-ഫസ്റ്റ്)

ട്രോഫി രാജീവ് മാസ്റ്ററും കുട്ടികളും സ്വീകരിക്കുന്നു



ഷൊർണ്ണൂർ  സബ്ജില്ലാ സ്പോർട്സിൽ ചാമ്പ്യൻമാരായ

സ്കൂൾ ടീം- സൂര്യ ടീച്ചറും കുട്ടികളും ട്രോഫികളുമായി.



# ബഷീർ അനുസ്മരണ ദിനം





# യു.എസ്.എസ് സ്കോളർഷിപ്പ് വിജയികൾ



# സ്പോർട്സ് ഡേ









# സാഹിത്യ ശില്പശാല





# ഭക്ഷ്യസുരക്ഷാ ദിനം



# മലയാളത്തിളക്കം



# ഗണിതം-മധുരം

എസ് എസ് എൽ സി കുട്ടികൾക്ക് ശ്രീ വേണുമാസ്റ്റർ ക്ലാസ് എടുക്കുന്നു.









# കഥക് പരിശീലനം





# പ്രതിഭകളുടെ വീട്ടിലേക്ക്

ചളവറ ഹയർ സെക്കണ്ടറി സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളും ശില്പ നിർമ്മാണത്തിൽ വിദഗ്ദരും സഹോദരങ്ങളുമായ ശ്രീ മനോജ് ,ശ്രീ വിനോദ് എന്നിവരെ വിദ്യാർത്ഥികളും അധ്യാപകരും അവരുടെ വീട്ടിലെത്തി അനുമോദിച്ചു.





# സ്കൂൾ കലോത്സവം







# സബ്ജില്ല കലോത്സവം






# സ്മാർട്ട് അമ്മ

സമഗ്ര, വിക്ടേഴ്സ് ചാനൽ എന്നിവ പരിചയപ്പെടുത്തുന്നതിനും സ്കൂൾ ക്യൂ ആർ കോഡ്, ടെക്സ്റ്റ് ബുക്കിലെ ക്യൂ ആർ കോഡുകൾ,സൈബർസുരക്ഷ എന്നിവയിൽ അവബോധമുണ്ടാക്കുന്നതിനും ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ  കൂട്ടായ്മയോടെ അമ്മമാർക്ക് ക്ലാസുകൾ നടത്തി.








# ലിറ്റിൽകൈറ്റ്സ് ഇവാല്യുഷേൻ

ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ പ്രവർത്തനങ്ങൾ വിലയിരുത്താൻ
എം.ടി ശ്രീ സുഷേൺ സാർ സ്കൂളിലെത്തി.





# ചിറകുകൾ

## പ്രിലിമിനറി ക്ലാസ്

## (ലിറ്റിൽ കൈറ്റ്സ്- 8)



# ചിറകുകൾ

## സുരീലി ഹിന്ദി

ശ്രീ ഉണ്ണികൃഷ്ണൻ മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു.







# ഇംഗ്ലീഷ് ഫെസ്റ്റ്

ദി ഹിന്ദു സ്പെഷ്യൽ കറസ്പോണ്ടന്റ്
ശ്രീ അബ്ദുൾ ലത്തീഫ് നഹ ഉദ്ഘാടനം ചെയ്യുന്നു




# ടിപ്പുവിന്റെ നാട്ടിലേക്ക്-പഠനയാത്ര

കൊട്ടാരങ്ങളുടെ നാട് എന്ന് അറിയപ്പെടുന്ന മൈസൂരായിരുന്നു ഞങ്ങുടെ സഞ്ചാരകേന്ദ്രം.യാത്രകൾ പലപ്പോഴും മനസ്സിന് ശാന്തതയും നവോന്മേഷവും പ്രദാനം ചെയ്യാറുണ്ട്. വന്യനിർമലമായ പ്രകൃതിയുടേയും, ചരിത്രത്തിന്റേയും, വൈവിധ്യമാർന്ന സംസ്കാരങ്ങളുടേയും ആത്മാവിലൂടെ നടത്തുന്ന സഞ്ചാരങ്ങൾ ഒരുപാട് തിരിച്ചറിവുകൾ നമ്മുക്ക് ജീവിതത്തിൽ നൽകുന്നു.

മൈസൂർ യാത്രയും ഇതിൽ നിന്നും വ്യത്യസ്ഥമായിരുന്നില്ല. ഡിസംബർ 2 ന് പുലർച്ച ആറിനാണ് ഞങ്ങൾ പുറപ്പെട്ടത്. ഉച്ചക്ക് ശേഷം രണ്ടുമണിയോടെ ഞങ്ങൾ മൈസൂർ എത്തിക്കഴിഞ്ഞിരുന്നു.ഭക്ഷണം കഴിച്ചശേഷം ഞങ്ങൾ ഞങ്ങളുടെ ആദ്യവിനോദസഞ്ചാരകേന്ദ്രമായ ബൃന്ദാവൻ ഗാർഡണിൽ എത്തി.അതിമനോഹരമായ കാഴ്ചകളും ,അനുഭവങ്ങളും മനസ്സുകൊണ്ട് തൊട്ടറിഞ്ഞു. വൈകീട്ട്ആറോടെ ഞങ്ങൾ അവിടെ നിന്നും ഹോട്ടലിലേക്ക് തിരിച്ചു പോയി.





# ചിറകുകൾ

മൈസൂരിലെ തണുപ്പാർന്ന രണ്ടാം ദിവസം ഞങ്ങൾ ചാമുണ്ടേശ്വരി ക്ഷേത്രത്തിൽ നിന്നും തുടങ്ങി,..ജീവിക്കുവാനായി അധ്വാനിക്കുന്ന മനുഷ്യരേയും,അവരുടെ ജീവിതത്തെയും കണ്ടറിഞ്ഞു.അവിടെ നിന്നാണ് ഞങ്ങൾ ഗ്രൂപ്പ് ഫോട്ടോ എടുത്തത്.



പിന്നീട് ഞങ്ങൾ എത്തിയത് 5000 ത്തോളം ,വ്യത്യസ്ഥതരം തത്തകൾ ഉള്ള ഒരു മ്യൂസിയത്തിലേക്കാണ്.പ്രകൃതിയോടിണങ്ങുന്ന രീതിയിലാണ് അവയെ അവിടെ വളർത്തുന്നത്.വനങ്ങളേയും വന്യജീവികളുടേയും നശിപ്പിക്കുന്ന ഈ കാലത്ത് ,ആ അന്തരീക്ഷം വളരെയധികം ഞങ്ങളെ സ്വാധീനിച്ചു.

# ചിറകുകൾ





പീന്നീട് എത്തിയത്  ടിപ്പു സുൽത്താന്റെ  കബർ അടക്കിയ സ്ഥലത്താണ്. ശില്പ ചാതുരിയാൽ മനോഹരമായ  അവിടെ നിന്നും മൈസൂർ

കൊട്ടാരത്തിലേക്കായിരുന്നു യാത്ര .കൊട്ടാരത്തിനകവും പുറവും വിസ്മയ

കാഴ്ചകളായിരുന്നു.











വൈകീട്ട് ആറോടെ ഞങ്ങൾ തിരിച്ച് നാട്ടിലേക്ക് പുറപ്പെട്ടു. പിറ്റേന്ന് രാവിലെ സ്കൂളിൽ തിരിച്ചെത്തുകയും ചെയ്തു.മൈസൂർ യാത്ര മറക്കാനാവാത്ത നല്ല ഒരു അനുഭവമാണ്.

*ഭാവന 10 A*
*കവിത 10 A*
*(ലിറ്റിൽ കൈറ്റ്സ്)*



# ഗണിതോത്സവം

ജനവരി 17,18,19 തീയ്യതികളിലായി ഗണിതോത്സവം ചളവറ ഹയർസെക്കണ്ടറി സ്കൂളിൽ വെച്ച് നടന്നു.ശ്രീ സുധാകരൻമാസ്റ്റർ ഉദ്ഘാടനം നിർവഹിച്ചു.നിത്യ ജീവിതവുമായി ബന്ധപ്പെട്ട ഗണിതആശയങ്ങൾ ഉൾക്കൊള്ളുന്ന ക്ലാസുകളും പ്രവർത്തനങ്ങളും ശ്രദ്ധേയമായി.







# 2020 ൽ സർവ്വീസിൽ നിന്ന്

# വിരമിക്കുന്നവർ



ശ്രീമതി . കെ. റാണി

പ്രിൻസിപ്പാൾ



കെ. നന്ദനൻ

എച്ച്. എസ്. എസ്.ടി (മലയാളം)



പമ്പാവാസൻ

ലാബ് അസിസ്റ്റന്റ്

## നന്ദി

ഡിജിറ്റൽ മാഗസിൻ നിർമ്മിക്കാൻ സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു.



ശ്രീരാജ്.സി 9C
ലിറ്റിൽകൈറ്റ് ലീഡർ



ജിഷ്ണു 9B
സ്റ്റുഡൻഡ് എഡിറ്റർ

CHALAVARABA HSS
(20045)
CHALAVARA PO
679505

Phone 0466 2289492
chalavarahss@gmail.com